# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ
# തിരുവനന്തപുരം

ഹാജർ : ജസ്റ്റിസ് അലക് സാണ്ടർ തോമസ്
ബഹു. ചെയർപേഴ് സൺ

**എച്ച് ആർ എം പി നമ്പർ : 5779/11/12/2022/റ്റി വി എം**

പരാതിക്കാരി : ഡോ. ലിസി മാത്യു, TC.76/1771(1), മറിയ ഗ്ലോ, കടകംപള്ളി റോഡ്,, എം എൻ ആർ എ -85 ഡി, ആനയറ, 695029.

എതിർകക്ഷി : തിരുവനന്തപുരം നഗരസഭ സെക്രട്ടറി.

**ഉത്തരവ് തീയതി :.10..03..2025.**

1. തിരുവനന്തപുരം നഗരസഭ കൗൺസിലറുടെ നേതൃത്വത്തിൽ പരാതിക്കാരിയുടെ വസ്തു അനധികൃതമായി കൈയേറി വഴി വെട്ടി എന്നുള്ള മുൻ പരാതിയിൽ (HRMP No.9325/11/12/2019) നഗരസഭ സെക്രട്ടറിയിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയ കമ്മീഷൻ പ്രശ്നപരിഹാരത്തിന് ഹർജിക്കാരി നിർദ്ദേശിച്ചിരിക്കുന്ന മാർഗ്ഗവും പരിഗണിച്ച് തീരുമാനമെടുത്ത് പരാതി പരിഹരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 3/8/2021 ന് തീർപ്പാക്കിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് പാലിച്ചുകൊണ്ട് നഗരസഭ സെക്രട്ടറി പരാതിക്ക് പരിഹാരം കണ്ടിട്ടില്ലെന്ന് ആരോപിച്ചാണ് പരാതിക്കാരി വീണ്ടും കമ്മീഷന് സമീപിച്ചിരിക്കുന്നത്.

2. പ്രസ്തുത സ്ഥലത്ത് മതിൽ നിർമ്മിക്കുന്നത് നഗരസഭയുടെ പ്രോജക്റ്റിൽ ഉൾപ്പെടുത്തി മതില് കെട്ടാൻ തുടങ്ങിയപ്പോൾ ഒരു ആംബുലൻസ് എങ്കിലും കടന്നുപോകാൻ പറ്റുന്ന രീതിയിൽ മൂന്നു മീറ്റർ വഴി എങ്കിലും വേണമെന്ന് ആവശ്യപ്പെട്ട് ഈ പ്രദേശത്ത് താമസിക്കുന്ന 14 വീട്ടുകാർ പണി തടസ്സപ്പെടുത്തി എന്നും പണി പൂർത്തിയാക്കാൻ കഴക്കൂട്ടംപോലീസിന്റെ സഹായം തേടിയെങ്കിലും പണി നടത്തിയാൽ അത് ഒരു ക്രമസമാധാന പ്രശ്നമാകുമെന്ന് പറഞ്ഞു പോലീസ് മടങ്ങിപ്പോയെന്നും തിരുവനന്തപുരം നഗരസഭ സെക്രട്ടറി സമർപ്പിച്ച 7/2/2025 ലെ റിപ്പോർട്ടിൽ പറയുന്നു.

3. കേസ് പരിഗണനക്കെടുത്ത ഇന്ന് ഹർജിക്കാരി നേരിട്ട് ഹാജരായി സെക്രട്ടറിയുടെ റിപ്പോർട്ടിന്മേൽ 10/3/2025 ലെ രേഖാമൂലം ആക്ഷേപം സമർപ്പിച്ചു. നഗരസഭ കൗൺസിലറും മറ്റും പരാതിക്കാരിയുടെ വസ്തു കൈയേറി വഴിവെട്ടിയിരിക്കുന്നത് നിയമവിരുദ്ധമാണ്. പരാതി പരിഹരിക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ട് 3/8/2021ൽ കമ്മീഷന്റെ മുൻ അധ്യക്ഷൻ പാസാക്കിയ ഉത്തരവ് തിരുവനന്തപുരം നഗരസഭ സെക്രട്ടറി challenge ചെയ്തതായി പറയുന്നില്ല. അതിനാൽ പ്രസ്തുത ഉത്തരവ് അന്തിമമായി ഇപ്പോഴും നിലനിൽക്കുന്നു. അത് നടപ്പിലാക്കാൻ നഗരസഭാ സെക്രട്ടറിക്ക് ബാധ്യതയുണ്ട്. അതല്ലെങ്കിൽ സ്ഥലം കയ്യേറിയതിന് നഗരസഭ അധികൃതർ നഷ്ട പരിഹാരം കൊടുക്കേണ്ടിവരും. രണ്ട് മീറ്റർ സ്ഥലം വിട്ടു നൽകാൻ തയ്യാറാണെന്ന് ഹർജിക്കാരി പറയുന്നുണ്ട്. എന്നാൽ മൂന്നു മീറ്റർ വീതിയുള്ള വഴി വേണമെന്നാവശ്യപ്പെട്ട് നാട്ടുകാർ പണി തടയുന്നുവെന്നാണ് നഗരസഭയുടെ വാദം. ടി ഉത്തരവ് നടപ്പിലാക്കാൻ നഗരസഭ അധികൃതർ

ആവശ്യപ്പെട്ടാൽ പോലീസ് പ്രൊട്ടക്ഷൻ കൊടുക്കാൻ പോലീസ് അധികാരികൾ ബാധ്യസ്ഥരാണ് ഹർജിക്കാരിയുടെ സ്ഥലം രണ്ട് മീറ്ററിൽ കൂടുതൽ വേണമെന്നുണ്ടെങ്കിൽ നഗരസഭ സ്ഥലം Land Acquisition Act പ്രകാരം acquire ചെയ്യേണ്ടിവരും. നിലവിൽ ഹർജിക്കാരിയുടെ സ്ഥലം ബലമായി കൈയ്യേറിയിട്ടുണ്ട്. അത് ഹർജിക്കാരി ക്ഷമിച്ചു. അതിൽ കൂടുതൽ സ്ഥലം വിട്ടുകൊടുക്കണമെന്ന നിലപാട് അന്യായമാണ് .As per Article 300(A) of the Constitution of India Right to Property is a Constitutional Right and it can be deprived only with the authority of law. പ്രശ്ന പരിഹാരത്തിന് ഒരു മാർഗ്ഗവും ഹർജിക്കാരി നിർദ്ദേശിക്കുന്നുണ്ട്. നഗരസഭ പ്രശ്നം പരിഹരിച്ചില്ലെങ്കിൽ വസ്തു കയ്യേറിയതിന് നഷ്ടപരിഹാരം കൊടുക്കുന്നത് ഉൾപ്പെടെയുള്ള നടപടികളിലേക്ക് കടക്കാൻ കമ്മീഷൻ നിർബന്ധിതമാകും. കമ്മീഷന്റെ ഉത്തരവ് നടപ്പിലാക്കാൻ പോലീസിന്റെ സഹായം ആവശ്യപ്പെട്ട് നഗരസഭാ സെക്രട്ടറി സമീപിച്ചാൽ കഴക്കൂട്ടം പോലീസ് അധികാരികൾ വേണ്ടുന്ന സഹായം ചെയ്തു കൊടുക്കണം. പ്രശ്നം പരിഹരിക്കുന്നതിന് ഹർജിക്കാരി നിർദ്ദേശിച്ചിരിക്കുന്ന മാർഗവും കൂടി പരിഗണിച്ച് എല്ലാ നടപടികളും പൂർത്തിയാക്കി ഈ ഉത്തരവിന്റെ പകർപ്പ് കിട്ടി നാലാഴ്ചക്കകം ഈ പരാതിക്ക് ശാശ്വത പരിഹാരം ഉണ്ടാക്കണമെന്നും അത് സംബന്ധിച്ച Action taken report കമ്മീഷൻ മുമ്പാകെ സമർപ്പിക്കണമെന്നും തിരുവനന്തപുരം നഗരസഭ സെക്രട്ടറിയോട് നിർദ്ദേശിച്ചുകൊണ്ട് കമ്മീഷൻ പരാതി തീർപ്പാക്കുന്നു . ഹർജിക്കാരിക്കും തിരുവനന്തപുരം നഗരസഭാ സെക്രട്ടറിക്കും കഴക്കൂട്ടം സൈബർ സിറ്റി അസിസ്റ്റന്റ് പോലീസ് കമ്മീഷണർക്കും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക.

( ഒപ്പ്)

ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ

j/